പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4671 | 26-06-2019-ലെ മറുപടിയ്ക്ക്

**കാർഷിക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. വിജയൻ പിള്ള** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| **(എ)** | 2016 ജൂൺ മുതൽ 2019 മേയ് വരെ സംസ്ഥാനത്ത് കാർഷിക കടാശ്വാസ കമ്മീഷൻ കർഷകർക്ക് ആനുകൂല്യമായി എത്ര രൂപ അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | **(എ)** | 88208 അപേക്ഷകളിൽ സിറ്റിംഗ് നടത്തി അർഹരായ 14552 പേർക്ക് 39,93,95,153/- രൂപ (മുപ്പത്തിയൊമ്പത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റയ്യായിരത്തി ഒരുന്നൂറ്റിയമ്പത്തിമൂന്ന് രൂപ) കടാശ്വാസമായി നൽകുവാൻ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| **ക്രമ നം.** | **ജില്ല** | **തുക (രൂപയിൽ)** |
|---|---|---|
| 1 | തിരുവനന്തപുരം | 7,23,25,144 |
| 2 | കൊല്ലം | 2,94,800 |
| 3 | ആലപ്പുഴ | 13,99,475 |
| 4 | പത്തനംതിട്ട | 10,26,275 |
| 5 | കോട്ടയം | 1,00,000 |
| 6 | ഇടുക്കി | 8,29,67,785 |
| 7 | എറണാകുളം | 48000 |
| 8 | തൃശ്ശൂർ | - |
| 9 | പാലക്കാട് | 2,12,42,720 |
| 10 | മലപ്പുറം | 9,19,749 |
| 11 | കോഴിക്കോട് | 58,60,875 |
| 12 | വയനാട് | 9,89,06,993 |
| 13 | കണ്ണൂർ | 7,29,80,717 |
| 14 | കാസർഗോഡ് | 4,13,22,620 |
| | **ആകെ** | **39,93,95,153** |

| | | | |
|---|---|---|---|
| **(ബി)** | കാർഷികവായ്പകളുടെ മൊറട്ടോറിയം കാലാവധി എന്ന് വരെയാണ് ദീർഘിപ്പിച്ചിട്ടുള്ളത്; | **(ബി)** | പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് |

| | | | |
|---|---|---|---|
| | കർഷകർക്ക് കൃഷിചെയ്യുന്നതിന് പലിശരഹിത വായ്പ അനുവദിയ്ക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | | 2019 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശരഹിത വായ്പയായി മാറ്റുന്നതിന് "ഉത്തേജന പലിശയിളവ് പദ്ധതി" നടപ്പിലാക്കി വരുന്നു.<br>കൂടാതെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നെൽകർഷകർക്കുള്ള പലിശരഹിത വായ്പ പദ്ധതിയും നടപ്പിലാക്കി വരുന്നു. 6 മാസകാലയളവിലേയ്ക്ക് അനുവദിക്കുന്ന വായ്പ നിശ്ചിത സമയപരിധിക്കകം തിരിച്ചടയ്ക്കുന്ന കർഷകർക്ക് മുതൽ തുക മാത്രം തിരിച്ചടച്ചാൽ മതിയാകും. |

**സെക്ഷൻ ഓഫീസർ**